(ബി) രണ്ടിൽക്കൂടുതൽ പേർ ഒന്നിച്ച് മരിച്ചിട്ടുള്ള എത്ര കേസ്സുകളാണ് നടന്നിട്ടുണ്ട് ;

(സി) ഈ കൊലപാതകങ്ങളിൽ എത്ര സ്ത്രീകൾ മരിച്ചു ; എത്ര കുട്ടികൾ മരിച്ചു ?

ഉത്തരം

(എ) 79.
(ബി) 21 കേസ്സുകൾ.
(സി) 51 സ്ത്രീകളും 86 കുട്ടികളും മരണപ്പെട്ടിട്ടുണ്ട്.

15-6-1986-നു ശേഷം ഉണ്ടായ പോലീസ് അതിക്രമങ്ങൾ

1487. [2237] ശ്രീ. എ. കെ. പത്മനാഭൻ :
,, കെ. പുരുഷോത്തമൻ :
,, പി. വി. കുഞ്ഞിക്കണ്ണൻ :
,, കെ. പി. അരവിന്ദാക്ഷൻ :
,, പി. സി. തോമസ് (കടുത്തുരുത്തി) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 15-6-1986-നു ശേഷം സംസ്ഥാനത്ത് എവിടെയൊക്കെ ലോക്കപ്പ് മർദ്ദനങ്ങൾ നടന്നു ;

(ബി) എവിടെയൊക്കെ ലാത്തിച്ചാർജ്ജുകൾ നടന്നു ;

(സി) എവിടെയൊക്കെ പോലീസ് വെടി വച്ചു ? വെടിവയ്പിന്റെ ഫലമായി എത്രപേർ മരിച്ചു ; എത്രപേർക്ക് പരിക്കേറ്റു ?

ഉത്തരം

(എ) നേമം, കുത്തിയതോട്, മുഹമ്മ എന്നീ പോലീസ് സ്റ്റേഷനുകളിൽ നടന്നതായി പരാതി ഉണ്ടായിട്ടുണ്ട്.

(ബി) വഴി തടയൽ പരിപാടിയുടെ അവസരത്തിൽ കണ്ണൂർ, കാസർകോട്, വടകര, കാരക്കോണം, പാക്കോട്, തൃശ്ശൂർടൗൺ, മൈലൂർ നാവകുമാരപുരം, തൊടുപുഴ കാർമൽ ജംഗ്ഷൻ, കോഴിക്കോട് സിറ്റിയിൽ മുതലക്കുളം എന്നീ സ്ഥലങ്ങളിൽ.

(സി) കണ്ണൂർ, കാസർകോട്, വടകര, നീണ്ടകര, പൊൻകുന്നം, തങ്കമണി എന്നിവിടങ്ങളിൽ വെടി വച്ചു. വെടിവയ്പിൽ 2 പേർ മരിച്ചു. 9 പേർക്ക് പരിക്ക് പറ്റി.

കൊലപാതകങ്ങൾ നടന്ന പോലീസ് സ്റ്റേഷനുകൾ

1488. [2238] ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഏറ്റവും കൂടുതൽ കൊലപാതകങ്ങൾ നടന്നിട്ടുള്ളത് ഏതു പോലീസ് സ്റ്റേഷൻ അതിർത്തിയിലാണ് ;

(ബി) ഏറ്റവും കുറച്ച് കൊലപാതകം നടന്നത് ഏത് പോലീസ് സ്റ്റേഷൻ അതിർത്തിയിൽ ആണ് ;

(സി) ഏറ്റവും കൂടുതൽ കൊലപാതകം നടന്ന സ്റ്റേഷൻ അതിർത്തിയിൽ അപ്രകാരമുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെങ്കിലും കരുതൽ നടപടി സ്വീകരിക്കുകയുണ്ടായോ ;

(ഡി) എങ്കിൽ എന്തു നടപടിയെന്നു വിശദീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കൊല്ലം ജില്ലയിലെ കൊട്ടാരക്കര പോലീസ് സ്റ്റേഷൻ അതിർത്തിയിലാണ്.

(ബി) പതിനൊന്ന് പോലീസ് സ്റ്റേഷനുകളിൽ കൊലപാതക കേസുകൾ ഒന്നും തന്നെ രജിസ്റ്റർ ചെയ്തിട്ടില്ല. അവ താഴെ പറയുന്നവയാണ്.

കോഴിക്കോട് ജില്ല

1. കുന്നമംഗലം
2. മാവൂർ
3. ചെമ്മങ്ങാട്

മലപ്പുറം ജില്ല

4. ആനത്തോട്

പാലക്കാട് ജില്ല

5. പറമ്പിക്കുളം
6. തൃത്താല

തൃശ്ശൂർ ജില്ല

7. വാടാനപ്പള്ളി

ഇടുക്കി ജില്ല

8. കട്ടപ്പന

എറണാകുളം ജില്ല

9. കല്ലൂർക്കാട്

പത്തനംതിട്ട ജില്ല

10. പുളിക്കീഴ്
11. ശാലി

(സി) ഉണ്ട്.

(ഡി) ക്രമസമാധാനപാലനം കൂടുതൽ ഊർജ്ജിതമാക്കുവാനും പരാതി ലഭിച്ചാലുടൻ നിഷ്പക്ഷമായി പരിഹാരം കണ്ടെത്താനും കൂടുതൽ പോലീസ് പെട്രോളിംഗ് ഏർപ്പെടുത്താനും ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ബലാൽസംഗക്കേസുകൾ

1489. [2239] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം 25-10-1986 വരെ ജയിലുകളിൽ സ്ത്രീകളെ ബലാൽസംഗം ചെയ്തതായും മാനഭംഗപ്പെടുത്തിയതുമായ കേസുകൾ ഉണ്ടായിട്ടുണ്ടോ ; എങ്കിൽ എത്തെല്ലാം ജയിലുകളിൽ എത്ര വീതം :

(ബി) ഇതിൻെറ പേരിൽ എത്ര പേരുടെ പേരിൽ നടപടികൾ ഉണ്ടായി ; എത്ര പേരെ ശിക്ഷിച്ചു ; എത്രപേരെ വെറുതെവിട്ടു ;

LIBRARY ARCHIVES Kerala Legislative Assembly